**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1710** **19-01-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി .കെ .ശശീന്ദ്രൻ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള NMSM സർക്കാർ കോളേജിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുബന്ധം I പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിലെ വിവിധ കോളേജുകളിൽ പുതുതായി എത്ര കോഴ്സുകൾ അനുവദിച്ചു; വിശദമാക്കാമോ; പുതിയ അധ്യയന വർഷം ഏതെങ്കിലും പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കോളേജുകളിൽ ആരംഭിച്ച കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II-ൽ ചേർക്കുന്നു. 2021-22 അദ്ധ്യയന വർഷം പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾക്കായി യൂണിവേഴ്സിറ്റി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | കൽപ്പറ്റയിൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ച സാഹചര്യത്തിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാകും; വിശദമാക്കാമോ? | (സി) | വയനാട് കൽപ്പറ്റയിൽ സിവിൽ സർവീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 13.01.2021ന് ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ, കൽപ്പറ്റയിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ സബ്സെന്റർ ആരംഭിക്കുന്നതിന്റെ ഭാഗമായി കൽപ്പറ്റ സർക്കാർ കോളേജിൽ കോളേജിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ ശനി, ഞായർ ദിവസങ്ങളിൽ ബിരുദ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം ആരംഭിക്കുവാനും കോഴ്സിന്റെ Co-ordination ചുമതല കോളേജ് പ്രിൻസിപ്പൽ നിർദ്ദേശിക്കുന്ന പ്രദേശ വാസിയായ അദ്ധ്യാപകന് നൽകുവാനും പ്രവർത്തനത്തിന്റെ ഉദ്ഘാടനം 07.02.2021ന് രാവിലെ 11.00 മണിയ്ക്ക് ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി online വഴി നിർവ്വഹിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ, |

| | | | |
|---|---|---|---|
| | | | എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഫണ്ട് ഉപയോഗിച്ച് സിവിൽ സർവ്വീസ് അക്കാദമി സബ്സെന്റർ നിർമ്മാണം ആരംഭിക്കുന്നതിന് കല്പറ്റ സർക്കാർ കോളേജിൽ സ്ഥലം ലഭ്യമാക്കുന്നതി നാവശ്യമായ നടപടികൾ സി.സി.ഇ.കെ. ഡയറക്ടർ കോളേജ് പ്രിൻസിപ്പലുമായി ചർച്ച ചെയ്ത് സ്വീകരിക്കുവാനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| ക്രമ നം. | കോളേജ് | അനുവദിച്ച കോഴ്സുകൾ | അനുവദിച്ച വർഷം |
|---|---|---|---|
| 1 | എൻ.എം.എസ്.എം. ഗവ. കോളേജ്, കൽപ്പറ്റ | എം.എ.ഇക്കണോമിക്സ് | 2016 |
| 2 | എൻ.എം.എസ്.എം. ഗവ. കോളേജ്, കൽപ്പറ്റ | എം.എ.ജേർണലിസം & മാസ്സ് കമ്മൂണിക്കേഷൻ | 2016 |
| 3 | എൻ.എം.എസ്.എം. ഗവ. കോളേജ്, കൽപ്പറ്റ | എം.എ. വേൾഡ് ഹിസ്റ്ററി | 2020 |
| 4 | ഡബ്ല്യ.എം.ഒ. ആർട്സ് & സയൻസ് കോളേജ്, മുട്ടിൽ, കൽപ്പറ്റ | എം.എസ്.സി. ഇലക്ട്രോണിക്സ്. | 2020 |

സെക്ഷൻ ഓഫീസർ.

## അനുബന്ധം II

| ക്രമ നം. | കോളേജ് | അനുവദിച്ച കോഴ്സുകൾ | അനുവദിച്ച വർഷം |
|---|---|---|---|
| 1 | എൻ.എം.എസ്.എം. ഗവ. കോളേജ്, കൽപ്പറ്റ | എം.എ.ഇക്കണോമിക്സ് | 2016 |
| 2 | എൻ.എം.എസ്.എം. ഗവ. കോളേജ്, കൽപ്പറ്റ | എം.എ.ജേർണലിസം & മാസ്സ് കമ്മ്യൂണിക്കേഷൻ | 2016 |
| 3 | എൻ.എം.എസ്.എം. ഗവ. കോളേജ്, കൽപ്പറ്റ | എം.എ. വേൾഡ് ഹിസ്റ്ററി | 2020 |
| 4 | ഡബ്ല്യ.എം.ഒ. ആർട്സ് & സയൻസ് കോളേജ്, മുട്ടിൽ, കൽപ്പറ്റ | എം.എസ്.സി. ഇലക്ട്രോണിക്സ്. | 2020 |

സെക്ഷൻ ഓഫീസർ.